# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പായിപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി8)-1285/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/02/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി8)-1285/2021 തീയ്യതി: 03/02/2022

# എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2021 | 22-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-09-2021 | 22-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മിനു.പി.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.),
ശ്രീ. ഹരീഷ്ബാബു.എൻ., അസി. ഓഡിറ്റ് ഓഫീസർ,
ശ്രീമതി. ഷൈബി.ഇ.ഡി, അസി. ഓഡിറ്റ് ഓഫീസർ,
ശ്രീമതി. കവിത എസ്.കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.അനീഷ്. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ആലീസ് കെ ഏലിയാസ് | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ശ്രീ മാത്യൂസ് വർക്കി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ജഗദീഷ് എം പി | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീ ജയകൃഷ്ണൻ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-06-2020 | 11-06-2020 |
| ശ്രീ അനിൽകുമാർ എൻ | സെക്രട്ടറി | 12-06-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജയകൃഷ്ണൻ എസ് | അസി.സെക്രട്ടറി | 01-04-2020 | 25-06-2020 |
| ശ്രീ അനിത കെ കെ | അസി.സെക്രട്ടറി | 26-06-2020 | 31-03-2021 |
| ശ്രീമതി ലെൻസി തോമസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സന്ധ്യ കൃഷ്ണൻ സി | അസി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ ലീനാ പോൾ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി രമ്യ രതീശൻ | ഐ.സി,ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഗീതാഞ്ജലി ആർ ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ കൃഷ്ണകുമാർ സി കെ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ പ്രീജുഷ് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ കൃഷ്ണപ്രിയ എസ് എൽ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി സഫിയ ടി എസ് | ഹെഡ്മാസ്റ്റർ,ജി എൽ പി എസ് | 01-04-2020 | 31-03-2021 |
| ശ്രീ ജിതിൻ കെ മങ്ങാട്ട് | വി.ഇ.ഒ പായിപ്ര | 01-04-2020 | 31-03-2021 |
| ശ്രീമതി ബിൻസീന ഇബ്രാഹിം | വി.ഇ.ഒ മുടവൂർ | 01-04-2020 | 31-03-2021 |

.

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer, On 16-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-1 |
| 2 | വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു<br>Written By: Hareesh Babu .N (Asst. Audit Officer, On 16-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-1-1 |
| 3 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 16-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-1-2 |
| 4 | സേവന നിരക്കുകൾ വർദ്ധിപ്പിച്ച് തനത് വരുമാനം ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശം ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 16-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-1-3 |
| 5 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 16-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-1-4 |
| 6 | വാർഷികധനകാര്യപത്രിക<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-2 |
| 7 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 18-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-2-1 |
| 8 | സാമ്പത്തിക വിശകലനം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 15-09-2021)<br>Last Updated By: Raj N.C (Computer Assistant, On 03-02-2022) | 1-4 |
| 10 | പദ്ധതി അവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-5 |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-6 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Aneesh R (Auditor, On 20-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-8 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-9 |
| 15 | ഗ്രാമസഭ<br>Written By: Hareesh Babu .N (Asst. Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-10 |
| 16 | ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുക തിരിച്ചടച്ചതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 01-01-2022)<br>Last Updated By: Sheelamma P.B (Computer Assistant, On 01-01-2022) | 1-11 |
| 17 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി | 1-12 |

| | | |
|---|---|---|
| | നിർണ്ണയം നടത്തി<br>Written By: Aneesh R (Auditor, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-01-2022) | |
| 18 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh R (Auditor, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 13-01-2022) | 1-13 |
| 19 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh R (Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-14 |
| 20 | നിലം ഭൂമിയിൽ വ്യവസായീക കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു<br>Written By: Aneesh R (Auditor, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-15 |
| 21 | തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 13-01-2022) | 1-16 |
| 22 | തനതു ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ റിക്കവറി തുകകൾ അടച്ചതിന് രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Hareesh Babu .N (Asst. Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-17 |
| 23 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-18 |
| 24 | കരാറുകാരുടെ ജി.എസ്.ടി ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-19 |
| 25 | ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-20 |
| 26 | നിക്ഷേപ പ്രവൃത്തി (കെഎസ്ഇബി)-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 20-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-21 |
| 27 | നിക്ഷേപ പ്രവൃത്തി (വാട്ടർ അതോറിറ്റി)-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 20-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 13-01-2022) | 1-22 |
| 28 | തുല്യത പരീക്ഷ- രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Kavitha S Kannan (Senior Grade Auditor, On 20-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-23 |
| 29 | സ്കൂളുകൾക്കും ലൈബ്രറികൾക്കും പത്ര/മാസികകൾ നൽകൽ-- പ്രോജക്റ്റിൽ വകയിരുത്താത്ത ഇനത്തിന് തുക ചെലവഴിച്ചു<br>Written By: Kavitha S Kannan (Senior Grade Auditor, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-24 |
| 30 | തെരുവുവിളക്ക് റിപ്പയർ -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-25 |
| 31 | സാന്ത്വന പരിപാലനം -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-26 |
| 32 | തെങ്ങ് കീടരോഗനിയന്ത്രണം-നിബന്ധനകൾ പാലിക്കേണ്ടതാണ്.<br>Written By: Shaiby.E.D (Asst. Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-01-2022) | 1-27 |
| 33 | ഹോമിയോ-മരുന്ന് ലഭ്യമായില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 21-09-2021) | 1-28 |

| | | |
|---|---|---|
| | Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | |
| 34 | കോവിഡ്-19 -പ്രതിരോധ പ്രവർത്തനങ്ങളുടെ വിവരം സംബന്ധിച്ച്<br>Written By: Hareesh Babu .N (Asst. Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-29 |
| 35 | ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരൻ എടുത്ത മണ്ണിന്റെ വില കുറവു ചെയ്തില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-01-2022) | 1-30 |
| 36 | പപ്പാള ചെക്ക് ഡാം നിർമ്മാണം-ജി.എസ്.ടി കോമ്പൻസേഷനായി അധിക തുക നൽകി<br>Written By: Hareesh Babu .N (Asst. Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-31. |
| 37 | കുഴിച്ചെടുത്ത മണ്ണിന്റെ വില കുറച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-32. |
| 38 | ഐ.കെ.എം വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-33 |
| 39 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-01-2022) | 1-34 |
| 40 | തൊഴിലുറപ്പ് മെറ്റീരിയൽ സപ്ലൈ-നികുതികൾ ഈടാക്കിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 13-01-2022) | 1-34-1 |
| 41 | ലൈഫ്ഭവനനിർമ്മാണം (ജനറൽ) പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Kavitha S Kannan (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-35 |
| 42 | ലൈഫ് ഭവനം (എസ്.സി) -നിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Kavitha S Kannan (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 24-12-2021) | 1-36 |
| | ഭാഗം **2** | |
| 1 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി<br>Written By: Aneesh R (Auditor, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-12-2021) | 2-1 |
| | ഭാഗം **3** | |
| 1 | പപ്പാള ചെക്ക് ഡാം നിർമ്മാണം-ജി.എസ്.ടി കോമ്പൻസേഷനായി അധിക തുക നൽകി<br>Written By: Hareesh Babu .N (Asst. Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-12-2021) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 18-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 13-01-2022) | 4-2 |

| | | |
|---|---|---|
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 13-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-12-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 20-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 13-01-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-12-2021) | 4-11 |

**അനുബന്ധം**

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 05.03.2020 തീയതിയിൽ ചേർന്ന യോഗത്തിലെ 1(1) നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി അംഗീകരിച്ച പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ 17.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ഭരണസമിതിയുടെ 22.02.2021 തീയതിയിലെ 1(1) തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം |
|---|---|
| വരവ് | 329909199 |
| ചെലവ് | 325923500 |

### 1-1-1 വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥ വരവ് -ചെലവ് |
|---|---|---|
| വരവ് | 329909199 | 149356018(മുൻബാക്കി ഒഴികെ) |
| ചെലവ് | 325923500 | 147219282 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവ് ചെലവുകളേക്കാൾ വളരെ കൂടുതലാണ്. ബജറ്റ് വരവ് ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തുന്നത് ശരിയല്ല. മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ കണക്കിലെടുത്ത് യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-2021 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-3 സേവന നിരക്കുകൾ വർദ്ധിപ്പിച്ച് തനത് വരുമാനം ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശം ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതര വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ, ചാർജ്ജുകൾ എന്നിവ 01.04.2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ(അച്ചടി)28/2019ധനം.തീയതി 08.03.2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവന നിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തിന്റ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ തനത് വരുമാനവർദ്ധനവിനുള്ള ഇത്തരം ഉത്തരവുകൾ നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓരോ സാമ്പത്തികവർഷത്തിലും തനത്

വരുമാനവർദ്ധനവിന് സർക്കാർ അനുമതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അതാത് പ്രാദേശിക സർക്കാരുകളും ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-1-4 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധികവിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/ത.സ്വ.ഭ.വ തീയതി 02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 26.07.2021 |

പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ സംബന്ധിച്ച് നൽകിയ 14.09.2021 ലെ 17ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടികൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)). അടുത്ത വർഷം മുതൽ അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,136,736.00 /-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10,551,674.00/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത

ുകകൾ പൊരുത്തപ്പെടുന്നില്ല. ഇക്കാര്യം ഐ കെ എം-ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്.

3) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം പേഴക്കാപ്പിള്ളി റൂറൽ സഹകരണ ബാങ്ക്, എറണാകുളം ജില്ലാ സഹകരണ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നിങ്ങനെ മൂന്ന് അക്കൗണ്ടുകളിലായാണ് നിക്ഷേപിക്കുന്നത്.

4) ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരം 17 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രിസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രിസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. സാംഖ്യ സോഫ്റ്റ്വെയറിൽ വേറെ ഹെഡ് ലഭ്യമല്ലാത്തതിനാലാണ് അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിൽ ചേർക്കുന്നതെന്നാണ് പഞ്ചായത്ത് അറിയിച്ചത്.

5) ജോയിന്റ് വെഞ്ചർ-എസ് റ്റി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് 977,234.00/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി 591720/- രൂപയാണ് നീക്കിയിരിപ്പ്. 320700405 ഹെഡ്ഡിലെ 22884/- രൂപ എസ് ബി റ്റി തനത് ഫണ്ടിലും 320100127 ഹെഡ്ഡിലെ 408398/- രൂപ ജോയിന്റ് വെഞ്ചർ എസ് റ്റി എസ് ബിയിലുമാണ് നിക്ഷേപിച്ചിട്ടുള്ളതെന്നാണ് പഞ്ചായത്ത് മറുപടി നൽകിയത്.

6) നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബി ക്ക് ആകെ 2902062/- രൂപ നൽകിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ 460500202 ഹെഡ്ഡിൽ 1118874/- രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്. അഡ്വാൻസ് നൽകിയ തുകയിൽ 1783188/- രൂപ ജേണൽ ചെയ്യാൻ വിട്ടുപോയതാണെന്നും ഈ വർഷം അത് ചേർക്കുന്നതാണെന്നുമാണ് പഞ്ചായത്ത് അറിയിച്ചത്.

7) നിക്ഷേപ പ്രവൃത്തിയായി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി ക്ക് കൈമാറിയ 1690000/- രൂപ അഡ്വാൻസ് ഇനത്തിൽ 460500202 ഹെഡ്ഡിൽ ഉൾപ്പെടുത്താതെ 251630201 ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയത്. 2021-22 വർഷത്തിൽ അപാകത പരിഹരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

8) ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 14969917.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 149356018.00 |
| ആകെ | | 164325935.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 147219282.00 |
| നീക്കിയിരിപ്പ് | | 17106653.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1738.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 79854.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3939794.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 24469625 | 24469625 | 24304210* | 0 | 165415 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 6987103 | 6987103 | 6419589** | 0 | 567514 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 21431000 | 21431000 | 21153407 | 0 | 277593 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6377832 | 6377832 | 6335693 | 0 | 42139 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 17985407 | 17985407 | 13065275 | 0 | 4920132 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 8750000 | 8750000 | 6779631 | 0 | 1970369 |
| കേന്ദ്രാവിഷ്കൃതഫണ്ട്- സമ്പൂർണ്ണ ശുചിത്വം 320 100 115 | 313826 | 4266902 | 4580728 | 551000 | 4029728 | 0 |
| ICDS- 320 100 121 | 337779 | 1254945 | 1592724 | 1591724 | 1000 | 0 |
| Solid Waste Management 320 100 203 | 1000000 | 0 | 1000000 | 0 | 1000000 | 0 |
| എൻ.പി.ആർ.പി.ഡി | 1250000 | 0 | 1250000 | 841602 | 408398 | |
| സംസ്ഥാനാവിഷ്കൃതഫണ്ട്- | | | | | | |
| 320 200 399 ബഡ്സ് സ്കൂൾ ഗ്രാന്റ് | 1250000 | 0 | 1250000 | 1250000 | 0 | 0 |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 0 | 220000 | 220000 | 0 | 220000 | 0 |
| 320 300 199 വിമുക്തി | 35295 | 0 | 35295 | 0 | 35295 | 0 |
| ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ് ഫണ്ട് | 16208 | 0 | 16208 | 16208 | 0 | 0 |
| സാക്ഷരത 320 200 309 | 3214 | 89 | 3303 | 0 | 3303 | 0 |
| സമ്പൂർണ്ണ ശുചിത്വം 320 300 103 | 313826 | 4266902 | 4580728 | 551000 | 4029728 | 0 |

*4401380/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ്.

**175686/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ്.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 24469625 | 24304210 | 165415 | 0.67% |
| വികസനഫണ്ട് (എസ്.സി.പി) | 6987103 | 6419589 | 567514 | 8.1% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 21431000 | 21153407 | 277593 | 1.29% |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 6377832 | 6335693 | 42139 | 0.66% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 17985407 | 13065275 | 4920132 | 27.35% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 8750000 | 6779631 | 1970369 | 22.51% |

2020-21 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം പഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ വികസനഫണ്ട്, സംരക്ഷണഗ്രാന്റ് എന്നിവ 94 ശതമാനത്തിലധികം ചെലവഴിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ അവാർഡ് പൂർണ്ണമായും ചെലവഴിക്കാനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുവാൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതായിരുന്നു. അത്തരമൊരു സമീപനം പഞ്ചായത്ത് ഭരണ സമിതി സ്വീകരിച്ചിട്ടില്ല. ഗ്രാന്റായി ലഭിക്കുന്ന മുഴുവൻ തുകയും ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക വികസനത്തിന് ഉപയോഗിക്കാതെ നഷ്ടപ്പെടുത്തിയത് ശരിയായ നടപടിയല്ല. പഞ്ചായത്തിന്റെ സ്ഥിരനിക്ഷേപത്തിലവശേഷിച്ചിരുന്ന മുഴുവൻ തുകയായ 4072300/-രൂപ ബാങ്കിൽ നിന്ന് പിൻവലിച്ച് വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു. ഭദ്രമായിരുന്ന പഞ്ചായത്തിന്റെ സാമ്പത്തിക നില മോശമാകാൻ ഇത് വഴിവച്ചു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 398 | 240977151 | 296 | 127367271 | 27 | 11 | 74.37% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1134188 | 1134188 | 1134188 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 43704126 | 43704126 | 43704126 | 0 |
| ആകെ | 0 | 44838314 | 44838314 | 44838314 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 11548900 | 770 |
| വിധവാപെൻഷൻ | 20939900 | 1356 |
| വാർദ്ധക്യകാലപെൻഷൻ | 42546900 | 3099 |
| വികലാംഗപെൻഷൻ | 10275300 | 679 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 353900 | 26 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.09.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9295/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.02.2021 | ഏപ്രിൽ 2020- ഡിസംബർ 2020 | 20.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2014 മുതൽ 06.06.2014 വരെ | 2009-10 മുതൽ 2013-14 വരെ | 20.07.2015 |

## 1-10 ഗ്രാമസഭ

കോവിഡിന്റെ ഭാഗമായി സംസ്ഥാനമാകെ ലോക്ക്ഡൗൺ പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷം 07.02.2021 തീയതിയിൽ മാത്രമാണ് എല്ലാ വാർഡുകളിലും ഗ്രാമസഭ ചേർന്നിട്ടുള്ളത്. ഈ ഗ്രാമസഭ 2020-21 ലെ വാർഷിക പദ്ധതിയിലെ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകുന്നതിന് മാത്രമായിട്ടാണ് ചേർന്നിട്ടുള്ളത്.

## 1-11 ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുക തിരിച്ചടച്ചതിന്റെ വിവരം

ഭവനനിർമ്മാണപദ്ധതി സഹായമിനത്തിൽ അധികമായി കൈപ്പറ്റിയ 15000/- രൂപ 16/9/21 ലെ ഓഡിറ്റ്

എൻക്വയറി നം 19 നെ തുടർന്ന് 121010102905/22.9.21 നമ്പർ രസീത് പ്രകാരം തിരിച്ചടച്ചു.

## 1-12 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്ത് 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വിവിധ സാമ്പത്തിക വർഷങ്ങളിൽ വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് 60 രൂപ നിരക്കിൽ നികുതി ഈടാക്കിയില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | നികുതി നിലവിൽ വന്ന അർദ്ധ വർഷം | വിസ്തൃതി (ച.മീ.) | നിർണ്ണയി ക്കേണ്ട നികുതി - 60 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) | നിർണ്ണയിച്ച നികുതി - 30 രൂപ നിരക്കിൽ (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) | കുറവ് (വർദ്ധനവ്, ഇളവ്, ലൈബ്രറി സെസ് ഉൾപ്പെടെ) |
|---|---|---|---|---|---|
| 4/70/A | 2013-14(1) | 116.00 | 5116 | 2558 | 2558 |
| 5/265/A | 2020-21(1) | 110.32 | 6952 | 3476 | 3476 |
| 10/36/A | 2013-14(1) | 125.00 | 5514 | 2757 | 2757 |
| 11/348/A | 2015-16(1) | 199.00 | 13792 | 6896 | 6896 |
| 11/373/A | 2013-14(1) | 110.00 | 8316 | 4158 | 4158 |
| 17/252/C | 2017-18(2) | 116 | 5116 | 2558 | 2558 |
| 18/601/A | 2014-15(1) | 117 | 5160 | 2580 | 2580 |
| 19/141/A | 2013-14(2) | 247 | 10894 | 5447 | 5447 |
| 19/454A | 2016-17(1) | 160.00 | 8064 | 4032 | 4032 |
| 20/151/C | 2016-17(1) | 140 | 7056 | 3528 | 3528 |
| 20/265/B | 2018-19(1) | 184 | 8116 | 4058 | 4058 |
| ആകെ | | | 84096 | 42048 | 42048 |

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 27/19.09.2021) മറുപടി ലഭിച്ചില്ല. ആയതിനാൽ, കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തിയ മേൽ സൂചിപ്പിച്ച എല്ലാ കെട്ടിടങ്ങളുടേയും വസ്തുനികുതി സഞ്ചയയിൽ പുനർനിർണ്ണയം നടത്തി കുറവ് വന്ന തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204(i) പ്രകാരം ഒരു അർദ്ധവർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തിയിട്ടുണ്ടെങ്കിൽ, ആ സ്ഥാപനം തൊഴിൽനികുതിക്ക് വിധേയനാകും. അത്തരം കമ്പനികൾ/സ്ഥാപനങ്ങളിൽ നിന്ന് 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3ലെ പട്ടിക പ്രകാരം അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ, 2020-21 സാമ്പത്തിക വർഷത്തിൽ പായിപ്ര ഗ്രാമപഞ്ചായത്തിൽ സ്ഥാപന തൊഴിൽനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. സാംഖ്യാ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിലെ Receivables For Profession Tax Institutions/Professionals/Traders (431190101) അക്കൗണ്ടിംഗ് ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 2020-21ലേക്ക് ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുള്ള താഴെ പറയുന്ന

സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1, | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, പേഴക്കാപ്പിള്ളി |
| 2, | സപ്ലൈകോ മാവേലി സ്റ്റോർ, മുളവൂർ |
| 3, | വലിയുപ്പാപ്പ മെമ്മോറിയൽ ഹോസ്പിറ്റൽ, പെരുമറ്റം |
| 4, | വനിതാ കോ- ഓപ്പറേറ്റീവ് സൊസൈറ്റി, പായിപ്ര |
| 5, | പായിപ്ര ഗ്രാമീൺ ബാങ്ക്, പേഴക്കാപ്പിള്ളി |
| 6, | സതേൺ ചിട്ടി & അസോസിയേറ്റ്സ്, പേഴക്കാപ്പിള്ളി |
| 7, | കെപിബി ഫിൻ കെയർ പ്രൈവറ്റ് ലിമിറ്റഡ് |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 28/20.09.2021) മറുപടി ലഭിച്ചില്ല. ആയതിനനാൽ, മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

ഓരോ അർദ്ധവർഷവും തുടർച്ചയായോ, പലപ്പോഴായോ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും (കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204). ആയതിനാൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യേണ്ടതാണ് {1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി ചട്ടങ്ങൾ) ചട്ടം 10}. എന്നാൽ, 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1, | അഗ്രോ പൈൻ ഫുഡ് പ്രോസസേഴ്സ് | എ3-2932/20-21(403) | 12 |
| 2, | പുതുശേരി ടിംബർ ഇൻഡസ്ട്രീസ് | എ3-1913/20-21(308) | 18 |
| 3, | സഹാറാ അപ്പാരൽസ് | എ3-2010/20-21(40) | 6 |
| 4, | സെഞ്ചറി വീനേഴ്സ് | എ3-3926/20-21(281) | 10 |
| 5, | മാതാ ടിംബർ ഇൻഡസ്ട്രീസ് | എ3-4243/20-21(316) | 9 |
| 6, | എ കെ പ്ലൈ & ബോർഡ്സ് | എ3-2828/20-21(173) | 22 |
| 7, | ഗ്രീൻഫീൽഡ് പ്ലൈവുഡ് | എ3-2828/20-21(173) | 18 |
| 8, | ലൈഫ് കെയർ മെഡിക്കൽ സെന്റർ | എ3-2741/20-21(159) | 6 |
| 9, | ഗ്രെയ്ൽ എൻ ഗ്രെയിസ് ഇൻഡസ്ട്രീസ് മാനുഫാക്ചറിംഗ് പ്രൈവറ്റ് ലിമിറ്റഡ് | എ3-3980/20-21(289) | 6 |
| 10, | സ്മാർട്ട് പ്ലൈവുഡ് | എ3-3963/20-21(284) | 32 |
| 11, | ത്രിവേണി പ്ലൈവുഡ് | എ3-2041/20-21(47) | 40 |
| 12, | അമൃത ഡ്രിങ്കിംഗ് വാട്ടർ | എ3-1622/20-21(19) | 6 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 25/17.09.2021) തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 നിലം ഭൂമിയിൽ വ്യവസായീക കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു

റവന്യൂ രേഖയിൽ /ബി റ്റി ആർ-ൽ നിലം, നെൽവയൽ, വെറ്റ് ലാൻഡ് എന്നിവയായി ഭൂമിയുടെ തരം രേഖപ്പെടുത്തുകയും, ഡാറ്റാബാങ്കിലോ, കരട് ഡാറ്റാബാങ്കിലോ ഉൾപ്പെടുന്നതുമായ ഭൂമിയിൽ 2015ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമല്ലാതെ യാതൊരു നിർമ്മാണ അനുമതിയോ, പെർമിറ്റോ, എൻ.ഒ.സിയോ അനുവദിക്കാൻ പാടുള്ളതല്ല (2008ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 14). 2008ന് മുമ്പ് നികത്തിയതോ, നികന്നു കിടന്നതോ ആയതും ഡാറ്റാ ബാങ്കിൽ നെൽ വയൽ ആയോ, തണ്ണീർത്തടം ആയോ ഉൾപ്പെടുത്താത്തതും നിലവിൽ കെട്ടിടം ഇല്ലാത്തതുമായ ഭൂമിയിൽ വീട് വെക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ പത്തും, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് അഞ്ചും സെന്റ് ഭൂമി വീട് വെക്കേണ്ടുന്ന ആവശ്യത്തിലേക്ക് മാത്രമായി കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിലെ വ്യവസ്ഥകൾ പ്രകാരം തരം മാറ്റി അനുവദിക്കാവുന്നതാണ് (46848/പി1/2016/റവ/22.12.16നം. സർക്കുലർ). 2008ന് മുമ്പ് നികത്തിയതോ, നികന്നു കിടന്നതോ ആയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും ആയ ഭൂമിയിൽ നിലവിൽ ഒരു കെട്ടിടം ഉണ്ടായിരിക്കുകയോ, ഉണ്ടായിരുന്ന ഒരു കെട്ടിടം പുനർനിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും, നിലവിലുള്ള കെട്ടിടം ക്രമവത്കരിച്ച് നൽകുന്നതിനോ പുതുക്കി വെക്കുന്നതിനോ, കൂട്ടി ചേർക്കുന്നതിനോ ഉള്ള അനുമതി നൽകാവുന്നതാണ് (994733/ആർഎ1/2016/തസ്വഭവ/22.12.2016 നം. സർക്കുലർ).

എന്നാൽ, റവന്യൂ രേഖകളിൽ നിലം ആയി രേഖപ്പെടുത്തിയതും, നിലവിൽ കെട്ടിടങ്ങൾ ഒന്നും ഇല്ലാത്ത

റിസർവെ സബ്ഡിവിഷൻ നമ്പറുകൾ ഉൾപ്പെട്ട ഭൂമിയിൽ മുഹമ്മദ് ഷാൻ സി പി, (ചങ്ങഞ്ചേരി, വെങ്ങോല പി ഒ) എന്ന വ്യക്തിക്ക് പ്ലൈവുഡ് യൂണിറ്റ് നിർമ്മിക്കുന്നതിന് പായിപ്ര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.07.2020ലെ 11(1)-ാം നമ്പർ തീരുമാനം പ്രകാരം പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പെർമിറ്റ് നം./തീയതി | എ7/315/2020, തി. 16.07.2020 |
| കെട്ടിടത്തിന്റെ വിസ്തൃതി | 646 ച. മീ. |
| വിനിയോഗ ഗണം | വ്യവസായികം |
| പ്ലോട്ടിന്റെ വിസ്തൃതി | 999/2 (നിലം) - 1497 ച. മീ.<br>994/1L-7 (പുരയിടം) - 1660 ച. മീ. |

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 26/20.09.2021) മറുപടി ലഭിച്ചില്ല. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി നിലം പ്ലോട്ടിൽ വ്യവസായിക കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയതിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 1083840/-രൂപയാണ് ചെലവ് വന്നിരിക്കുന്നത്. പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് കെ.എസ്.ഇ.ബി നൽകുന്ന ബില്ലുകൾ പ്രകാരം മീറ്റർ ഘടിപ്പിച്ചവയും മീറ്ററിംഗ് നടക്കാത്തവയും ഉണ്ട്. നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ തരംതിരിച്ചുള്ള ലിസ്റ്റ്/രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22/17.09.2021) മറുപടി ലഭ്യമാക്കിയില്ല. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കെ.എസ്.ഇ.ബി നൽകുന്ന ബില്ലിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. തെരുവ് വിളക്ക് പരിപാലനം പഞ്ചായത്തിന്റെ അനിവാര്യ ചുമതല ആയതിനാലും തനത് ഫണ്ടിലെ ചെലവിനങ്ങളിലെ പ്രധാന ഇനം എന്ന നിലയ്ക്കും ഇക്കാര്യത്തിൽ കൃത്യത ഉറപ്പാക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. ആവശ്യമെങ്കിൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാൻ നടപടിയെടുക്കേണ്ടതാണ്.

## 1-17 തനതു ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ റിക്കവറി തുകകൾ അടച്ചതിന് രേഖകൾ ഹാജരാക്കേണ്ടതാണ്

തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ഗ്രോസ് ചെലവു തുകകൾ ചെക്ക് മുഖേന പഞ്ചായത്ത് സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനിയർക്ക് കൈമാറുകയാണ് ചെയ്യുന്നത്. ഇതിൽ നിന്നും ആദായ നികുതി, ജി.എസ്.ടി, നിർമാണ തൊഴിലാള ക്ഷേമനിധി വിഹിതം എന്നിവ അസിസ്റ്റന്റ് എഞ്ചിനിയർ ഒടുക്കേണ്ടതുണ്ട്. ആദായ നികുതി ഒടുക്കിയതിന്റെ ചെലാൻ, ജി.എസ്.ടി ഒടുക്കിയതിന്റെ രസീത്/റിട്ടേൺസിന്റെ പകർപ്പ്, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയതിന്റെ രസീത് എന്നിവ അസിസ്റ്റന്റ് എഞ്ചിനിയർ അതാത് പ്രവൃത്തികളുടെ ഫയലുകളിൽ തെളിവായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2020-21 വർഷം തനതു ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫയലുകളിൽ ഈ രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.16/13.09.2021) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ, തനത്ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തിയുടെ ബിൽ തുക സെക്രട്ടറി നൽകുന്ന ചെക്ക് വഴി അസി.എഞ്ചിനിയറുടെ ട്രഷറി അക്കൌണ്ടിലേക്കാണ് വരവ് വെയ്ക്കുന്നത്. ഈ തുക ട്രഷറിയിലെ BIMS സോഫ്റ്റ്‌വെയർ വഴിയാണ് കരാറുകാരന്റെ അക്കൌണ്ടിലേക്ക് നൽകുന്നതെന്നും അറിയിച്ചു. കരാറുകാരന് നൽകുന്ന തുക,വിവിധ റിക്കവറികൾ എന്നിവ ട്രഷറിയിൽ ഇ-സബ്മിറ്റ് ചെയ്യുകയാണെന്നും. ആയതിനാൽ ട്രഷറിയിൽ തുക പാസാക്കുന്നതിന് ചെലാൻ നൽകേണ്ടതില്ലായെന്നും വിശദീകരിച്ചു. എന്നാൽ ഇൻകം ടാക്സ്, ജി.എസ്.ടി എന്നിവ അടവാക്കുന്നതിന്റെ രേഖകൾ, BIMS സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്ന പ്രോസീഡിംഗിസിന്റെ കോപ്പി എന്നിവ ഫയലിൽ സൂക്ഷിക്കേണ്ടതും ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

### 1-18 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾക്ക് 2020-21 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ (അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം. 2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor)അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും മേൽ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനിയർ വാങ്ങി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കാതിരുന്നതിന്റെ കാരണവും, തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പാക്കാതിരുന്നതിന് വിശദീകരണവും നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (05/10.09.2021) ലഭിച്ച മറുപടിയിൽ കരാറുകാരിൽ നിന്ന് സെൽഫ് ഡിക്ലറേഷൻ വാങ്ങി സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ആയത് വാങ്ങി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് അവ ഫയലിനോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

### 1-19 കരാറുകാരുടെ ജി.എസ്.ടി ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കിയ കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടെയുള്ള തുകയാണ് നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമായ നിലവിലുള്ള ഡി.എസ്.ആർ, കോസ്റ്റ് ഇൻഡക്സ് എന്നിവയിൽ ജി.എസ്.ടി. ഉൾപ്പെട്ടിട്ടുണ്ട്. 12% ജി. എസ്. ടി. കോമ്പൻസേഷൻ ഉൾപ്പടെയുള്ള തുകയ്ക്കാണ് മരാമത്തു പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് 2% ജി.എസ്.ടി, ബില്ലിൽ കുറവു ചെയ്ത ശേഷമാണ് കരാറുകാർക്ക് തുക നൽകുന്നത്. 10% ജി. എസ്. ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിനാൽ കരാറുകാരിൽ നിന്നും ജി.എസ്. ടി. ഇൻവോയ്സ് ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ടാക്സ് ഇൽവോയ്സുകൾ ഇല്ലാതെ തന്നെ ജി.എസ്.ടി. ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ജി.എസ്.ടി. ഇൻവോയ്സ് പരിശോധനയ്ക്കായി ലഭ്യമാക്കാതിരുന്നതിനാൽ നികുതി ഒടുക്കുന്നതിന്റെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ജി.എസ്.ടി ഇൻവോയ്സ് ഉൾപ്പെടുത്താതെ കരാറുകാരന് തുക നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(03/10.09.2021) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ആയത് വാങ്ങി സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കുകയുണ്ടായി. ജി.എസ്.ടി ഇൻവോയ്സുകൾ കരാറുകാരിൽ നിന്ന് വാങ്ങി സൂക്ഷിക്കേണ്ടതും അവ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

### 1-20 ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ

എ) ജി.എസ്.ടി പരിഹാര തുക ഒരിക്കൽ ഉൾപ്പടുത്തിയതിന് ശേഷം വീണ്ടും പ്രത്യേകമായി അനുവദിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. ഇത് മുഖേന തയ്യാറാക്കിയ MORD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർഹെഡ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും ഉൾപ്പെടുത്തിയാണ് എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത്.

സ്റ്റാന്റേഡ് ഡാറ്റാ ബുക്കിൽ MORD പ്രകാരമുള്ള വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ്

ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആമുഖ ഭാഗത്ത്, അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേഡ് ഡാറ്റാ ബുക്ക്) ഖണ്ഡിക 4- ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണ്. ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ധനകാര്യവകുപ്പിന്റെ 01.03.2019 ലെ 18/2019 നമ്പർ സർക്കുലറിലെ നമ്പർ 6 വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യം കണക്കാക്കേണ്ടത് ജി.എസ്.ടി ഒഴിവാക്കിയാണ്. നമ്പർ 8 വ്യവസ്ഥ പ്രകാരം, ഭരണാനുമതി ലഭ്യമാക്കേണ്ടത് വ്യവസ്ഥ 6 -ൽ സൂചിപ്പിച്ച എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യത്തിന് പുറമേ, ബാധകമായ ജി.എസ്.ടിയുള്ള തുക പ്രത്യേകമായി ഉൾപ്പെടുത്തിക്കൊണ്ടാണ്. അതു പ്രകാരം ജി.എസ്.ടിയ്ക്ക് അടങ്കലിൽ പ്രത്യേക പ്രൊവിഷൻ കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ യാതൊരു ചെലവും വരുന്നില്ല.

26.03.2019 ലെ D83/9058/2017/CE/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം PRICE LSGD സോഫ്റ്റ്‌വെയറിൽ പ്രസ്തുത മാറ്റം വരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇതിൻ പ്രകാരം ജി.എസ്.ടി. ചെലവിനായി 12% തുക പ്രത്യേകമായി ഉൾപ്പെടുത്തിയാണ് തൻവർഷം വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കിയത്.

ഓവർ ഹെഡ്സ് ചാർജ്ജിലെ 4% തുക, സെയിൽസ് (ഇപ്പോൾ ജി.എസ്.ടി) /ടേൺ ഓവർ ടാക്സ് ചെലവിന് വേണ്ടി ഒരിക്കൽ നീക്കിവച്ചതിനുശേഷം അതേ ചെലവിനുവേണ്ടി അടങ്കലിൽ പ്രത്യേക പ്രൊവിഷൻ പിന്നീട് കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ തുക അധികമായി ലഭിക്കുന്നു. ജി.എസ്.ടി ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ പരിഹാര തുക കരാറുകാരന് നൽകുന്നത് അനർഹമായ തുക നൽകലാണ്. അനവധി പദ്ധതികൾ നടപ്പാക്കുന്നതിനാൽ ഗണ്യമായ തുകയുടെ നഷ്ടമാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്.

ബി) വലിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവർത്തികൾക്കും നൽകുന്നു

പഞ്ചായത്തിന്റെ റോഡ് നിർമാണ പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1) പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2) സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3) ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4) മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5) മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6) വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7) നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന മിക്ക ഇനങ്ങളുടെ കാര്യത്തിലും ഭാഗിക ചെലവോ ചെലവു വരാൻ സാധ്യത ഇല്ലാത്തതായോ കാണാം. ഒരു വലിയ റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതു വഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാര തുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നൽകലാണ്. PRICE LSGD സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർഹെഡ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്. ആയതിനാൽ

2020-21 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാർക്ക് അനർഹമായി ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി (നം.04/10.09.2021) മുഖാന്തിരം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ആയത് ചീഫ് എഞ്ചിനിയറുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വിശദീകരിക്കുകയുണ്ടായി. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 നിക്ഷേപ പ്രവൃത്തി (കെഎസ്ഇബി)-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

2020-21 വാർഷിക പദ്ധതിയിൽ പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കുന്നതിലേയ്ക്ക് താഴെപ്പറയും വിധം കെഎസ്ഇബി ക്ക് തുക കൈമാറി നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല (എൻക്വയറി നം- 13/12.9.21)

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | തുക |
|---|---|---|
| 1 | 50/21<br>(സ്ട്രീറ്റ് ലൈൻ വലിക്കൽ, പോസ്റ്റ്മാറ്റി സ്ഥാപിക്കൽ)<br>അടങ്കൽ- 796875<br>(ധനകാര്യകമ്മീഷൻ അവാർഡ്) | 796875 |
| | 1)35774/-: 14/20-21, 15.01.21<br>പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-അമ്പലംപടി-വീട്ടൂർ റോഡ് | |
| | 2)35869/-: 23/20-21, 27.02.21<br>പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-കണ്ണാടി സിറ്റി-കാട്ടാക്കുടി റോഡ് | |
| | 3)14693/-: 35/20-21, 16.03.21<br>പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-വാർഡ്17 | |
| | 4)354155/-: 34/20-21, 16.03.21<br>ത്രീഫേസ് ലൈനാക്കൽ -പട്ടായി കോളനി, വിഐപി കോളനി,മടക്കാട്ടിത്താഴം | |
| | 5)7996/-: 33/20-21, 16.03.21<br>പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-ഫൈസൽ കോളനി | |
| | 6)45747/-: 32/20-21, 16.03.21<br>പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-കല്ലുങ്കൽകടവ് റോഡ് | |
| | 7)21858/-: 27/20-21, 12.03.21<br>പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-വാർഡ്2 | |
| | 8)184316/-: 28/20-21, 12.03.21<br>പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- സ്കൂൾപടി-കല്ലുപാലം റോഡ്, മില്ലുപടി-ചാപ്പൽ റോഡ്, ഇരുട്ടുതൊണ്ട്-മാനാറി റോഡ് വാർഡ് 1 | |
| | 9)96467/-: 24/20-21, 27.02.21<br>പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- തൃക്കളത്തൂർ-കരിശുപടി-പാറ്റായി റോഡ് | |
| 2 | 425/21 (SO)<br>കക്കാട്ടുമൂള റോഡ്- സ്ട്രീറ്റ് മെയിൻ വലിക്കൽ<br>അടങ്കൽ -256721 (തനത് ഫണ്ട്)<br>ചെക്ക് നം/തീ :STSB-2151630/07.08.20 | 256721 |
| 3 | 387/21 (SO)<br>ഇല്ലത്തുകടിപ്പടി ട്രാൻസ്ഫോമർ സ്ഥാപിക്കൽ- വാർഡ് 3<br>അടങ്കൽ -1690000 (തനത് ഫണ്ട്)<br>ചെക്ക്നംതീ:LGTSB2151595/22.12.20 | 1690000 |
| | ആകെ | 2743596 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് വിധേയമായി മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക (2743596 രൂ) തടസ്സപ്പെടുത്തുന്നു.

## 1-22 നിക്ഷേപ പ്രവൃത്തി (വാട്ടർ അതോറിറ്റി)-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

2020-21 വാർഷിക പദ്ധതിയിൽ പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിക്ഷേപ പ്രവൃത്തി നടപ്പാക്കുന്നതിലേയ്ക്ക് KWA ക്ക് താഴെപ്പറയും വിധം 8 ലക്ഷം രൂപ കൈമാറി നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല (എൻക്വയറി നം- 13/12.9.21)

| പ്രൊജക്റ്റ് നമ്പർ | തുക |
|---|---|
| 47/21<br>കടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>അടങ്കൽ- 800000<br>(ധനകാര്യകമ്മീഷൻ അവാർഡ്)<br>1)60000/-: 19/20-21, 20.02.21<br>2)58000/-: 20/20-21, 20.02.21<br>3)85000/-: 18/20-21, 20.02.21<br>4)353000/-: 21/20-21, 20.02.21<br>5)244000/-: 38/20-21, 18.03.21 | 800000 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് വിധേയമായി മേൽ പ്രവൃത്തിക്കായി ചെലവഴിച്ച 800000 രൂ തടസ്സപ്പെടുത്തുന്നു.

## 1-23 തുല്യത പരീക്ഷ- രേഖകൾ ഹാജരാക്കേണ്ടതാണ്

| പ്രോജക്റ്റിന്റെ പേര് | പത്താംതരം തുല്യതാ പരീക്ഷ | പന്ത്രണ്ടാംതരം തുല്യതാ പരീക്ഷ |
|---|---|---|
| പ്രോജക്റ്റ് നം | 4/21 | 5/21 |
| അടങ്കൽ | 26250/-<br>തനത് ഫണ്ട് | 44,000/-<br>തനത് ഫണ്ട് |
| ചെലവ് | 9250/- (NEFT)<br>വൌച്ചർ.നം-തീയതി<br>22001074/08.10.20 | 29100/-(NEFT)<br>വൌച്ചർ.നം-തീയതി<br>22001075/08.10.20 |

മുടവൂർ ഗവ.എൽ.പി.സ്കൂൾ ഹെഡ്മാസ്റ്റർ നിർവഹണം ചെയ്ത മേൽ പ്രോജക്റ്റുകൾ മുഖേന തുല്യത പരീക്ഷകൾക്കായി സാക്ഷരത മിഷനിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്. പത്താം തരം തുല്യതാ പരീക്ഷയ്ക്കായി 1850/-രൂപ നിരക്കിൽ 5 പഠിതാക്കളുടെയും പന്ത്രണ്ടാം തരം ഒന്നാം വർഷ 11th തുല്യതാ പരീക്ഷയ്ക്കായി 2500/-രൂപ നിരക്കിൽ 9 പഠിതാക്കളുടെയും പന്ത്രണ്ടാം തരം രണ്ടാം വർഷ തുല്യതാ പരീക്ഷയ്ക്കായി 2200/-രൂപ നിരക്കിൽ 3 പഠിതാക്കളുടെയും പരീക്ഷാ ഫീസിനത്തിൽ ആകെ 38350/-രൂപയാണ് (യഥാക്രമം 9250/-രൂപ, 29100/-രൂപ) സംസ്ഥാന സാക്ഷരതാ മിഷന് കൈമാറിയിട്ടുള്ളത്. എന്നാൽ പഠിതാക്കളുടെ അറ്റൻഡൻസ്, പരീക്ഷയ്ക്ക് ഹാജരായതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല (എൻക്വയറി നം- 11/12.9.21) പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചെന്നുറപ്പാക്കുന്നതിലേയ്ക്ക് മേൽ 17 വിദ്യാർത്ഥികളും കോഴ്സ് പൂർത്തിയാക്കിയതിന്റേയും പരീക്ഷയെഴുതിയതിന്റേയും രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-24 സ്കൂളുകൾക്കും ലൈബ്രറികൾക്കും പത്ര/മാസികകൾ നൽകൽ-- പ്രോജക്റ്റിൽ വകയിരുത്താത്ത ഇനത്തിന് തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം-പേര് | 3/21<br>പഞ്ചായത്തിന് വിട്ടുകിട്ടിയ സ്കൂളുകൾക്കും ലൈബ്രറികൾക്കും പത്രം, മാസിക നൽകൽ |
| അടങ്കൽ | 200000/- (തനത് ഫണ്ട്) |
| ചെലവ് | 195510/- (തനത് ഫണ്ട്)<br>1) 50150 ചെക്ക് നം,തീ-SBI-327562/18.08.20<br>2)51295 ചെക്ക് നം,തീ-LGTSB-2151593/21.12.20<br>3)78885, ചെക്ക്.നം,തീ-LGTSB-5915011/13.03.21 |

| | |
|---|---|
| | 4)15180 ചെക്ക് നം,തീ-PRCB-532317/31.03.21 |
| നിർവഹണം | ഹെഡ്മാസ്റ്റർ,<br>ഗവ.എൽ.പി.എസ് മുടവൂർ |

പഞ്ചായത്ത് പരിധിയിലുള്ള 13 ലൈബ്രറികളിൽ തൻവർഷം പത്രവും ആനുകാലികങ്ങളും വിതരണം ചെയ്തതിന് ഏജന്റായ കെ.എ.അജാസിന് മേൽപ്പറഞ്ഞ പ്രകാരം നാല് തവണകളായി ആകെ 195510/- രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഇവയിൽ ക്രമ നം-3 പ്രകാരം ചെലവഴിച്ച 78885/- രൂപയിൽ 3525/- രൂപ പുതുപ്പാടി ഇലാഹിയ കോളേജിൽ പ്രവർത്തിച്ചിരുന്ന കോവിഡ് സെന്ററിലേക്ക് പത്രവിതരണം ചെയ്ത വകയിലുള്ളതായിരുന്നു. അഞ്ച് പത്രങ്ങൾ വീതം മൂന്ന് മാസം സെന്ററിൽ വിതരണം നടത്തിയിട്ടുണ്ടെന്ന ഏജന്റിന്റെ 03.03.21 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. എന്നാൽ ആയത് പഞ്ചായത്ത് സ്ഥിരീകരിക്കുകയോ രസീത് സാക്ഷ്യപ്പെടുത്തി നൽകുകയോ ചെയ്തിരുന്നില്ല.

പഞ്ചായത്തിന് വിട്ടുകിട്ടിയ സ്കൂളുകൾക്കും ലൈബ്രറികൾക്കും പത്രമാസികകൾ നൽകുക വഴി വായനശീലം വളർത്തുക എന്നതായിരുന്നു പ്രോജക്ടിനാൽ ഉദ്ദേശിച്ചിരുന്നത്. കോവിഡ് സെന്ററിലെ പത്ര വിതരണം പ്രോജക്ടിൽ വിവക്ഷിക്കാത്ത ചെലവാണ്. സെന്ററിൽ പത്രം വിതരണം ചെയ്യണമെന്ന് പഞ്ചായത്തിൽ നിന്നും ഏജന്റിന് നിർദ്ദേശം ലഭ്യമായതായും ഫയലിൽ രേഖകളില്ല. ഈ സാഹചര്യത്തിൽ മേൽ ആവശ്യത്തിലേക്ക് പ്രോജക്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-12/ 12.9.21) മറുപടിയായി രോഗബാധിതരായി ചികിത്സക്ക് വരുന്നവരുടെ മാനസികമായ ആരോഗ്യത്തിനും വാർത്തകൾ അറിയുന്നതിനും വേണ്ടി രോഗികളുടെ ആവശ്യപ്രകാരമാണ് പത്രവിതരണം നടത്തിയതെന്ന് അറിയിച്ചു. ആയത് അംഗീകരിക്കുന്നു. എന്നിരുന്നാലും പഞ്ചായത്തിന്റെ വ്യക്തമായ നിർദ്ദേശവും സാക്ഷ്യപ്പെടുത്തിയ രസീതും ഇല്ലാതെ വിതരണക്കാരൻ ആവശ്യപ്പെട്ടതിൻ പ്രകാരം തുക അനുവദിച്ചത് ആശാസ്യമായ നടപടിയല്ല. മാത്രവുമല്ല മറ്റൊരുദ്ദേശ്യത്തിനായി രൂപീകരിച്ച പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കത്തക്കവണ്ണം ഇത് അടിയന്തിരമായ പരിഗണിക്കപ്പെടേണ്ട ആവശ്യമായി കണക്കാക്കുവാനും കഴിയുന്നതല്ല. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 തെരുവുവിളക്ക് റിപ്പയർ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം-പേര് | 385/21 (SO)<br>തെരുവുവിളക്ക് റിപ്പയറിംഗ്- റിപ്പയറിംഗ് ചാർജ് നൽകൽ |
| അടങ്കൽ | 495000/-<br>(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 490050/-<br>ബിൽ നം-29/20-21 തീയതി-12.03.21 |
| നിർവഹണം | സെക്രട്ടറി |

പഞ്ചായത്ത് പരിധിയിലുള്ള തെരുവുവിളക്കുകൾ റിപ്പയർ ചെയ്തതിലേക്ക് കരാറുകാരനായ കെ.വി. സ്കറിയക്ക് തനത് ഫണ്ടിൽ നിന്നും 490050/- രൂപ മേൽ പ്രോജക്ട് പ്രകാരം നൽകിയിട്ടുണ്ട്. പോസ്റ്റ് ഒന്നിന് 260/- രൂപ നിരക്കിൽ 1735 ട്യൂബുകളും 51/- രൂപ നിരക്കിൽ 1549 ബൾബുകളും റിപ്പയർ ചെയ്തതായുള്ള കരാറുകാരന്റെ കത്തിന്റെയും റിപ്പയറിംഗ് പൂർത്തീകരിച്ചുവെന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. പദ്ധതി ഫയൽ പരിശോധിച്ചതിലെ അപാകതകൾ താഴെപ്പറയുന്നു.

1) ലൈറ്റുകളുടെ ഇനം, എണ്ണം, പോസ്റ്റ് നമ്പർ എന്നീ വിവരങ്ങൾ വാർഡ് തിരിച്ച് രേഖപ്പെടുത്തിയിട്ടുള്ള സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് സർക്കുലർ നം.3055/ഡി.എ3 /2011/തസ്വഭവ,തീ.15.09.11 പ്രകാരം സൂക്ഷിക്കേണ്ടുന്ന പരാതി രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമായില്ല. എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും (നം-14) ആയവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ റിപ്പയർ ചെയ്ത ലാമ്പുകളുടെ എണ്ണവും ചെലവഴിച്ച തുകയുടെ കൃത്യതയും ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

2)പ്രവൃത്തി ചെയ്തതിന് 490050/- രൂപയാണ് കരാറുകാരന് പ്രതിഫലമായി നൽകിയിട്ടുള്ളത്. KGST Act-2017, സെക്ഷൻ 51 (1) പ്രകാരം GST തുക ഒഴികെ 2.5 ലക്ഷം രൂപ കരാറുകാരന് നൽകുകയാണെങ്കിൽ CGST, SGST ഇനങ്ങളിൽ 2% (1%+ 1%) തുക 01.10.2018 മുതൽ കിഴിവ് വരുത്തേണ്ടതാണ്. എന്നാൽ ഇവിടെ GST-TDS ഈടാക്കാതെയാണ് തുക നൽകിയത്. ബില്ലിൽ നിന്നും ഇപ്രകാരം നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി നം- 14/13.9.21) പ്രവൃത്തിയുടെ ബില്ലിൽ ജി.എസ്.ടി പ്രത്യേകം കാണിച്ചിട്ടില്ലാത്തതിനാലും തെരുവുവിളക്ക് റിപ്പയർ പഞ്ചായത്തിന്റെ അനിവാര്യചുമതലയിൽപ്പെട്ടതായതിനാലുമാണ് ജി.എസ്.ടി പിടിക്കാതിരുന്നതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. GST-TDS ഇനത്തിൽ 9802/- രൂപ (CGST – 4901/- + SGST – 4901/-) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

3) തെരുവു വിളക്ക് പരിപാലനം നടത്തുന്ന കരാർ ഏറ്റെടുക്കുന്നവർക്ക് ഇലക്ട്രിക്കൽ സൂപ്പർവൈസറി ലൈസൻസും B ക്ളാസ് രജിസ്ട്രേഷനും തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും പ്രവൃത്തി പരിചയവും ഉണ്ടായിരിക്കേണ്ടതാണ്. ടെണ്ടർ നിബന്ധനയിലും (നം-4) കേരള സംസ്ഥാന ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിൽ നിന്നുള്ള ലൈസൻസ്, ഇൻഷ്വറൻസ് രേഖകൾ എന്നിവ കരാറുകാരൻ ഹാജരാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞതായ രേഖകൾ കരാറുകാരൻ ഹാജരാക്കിയിട്ടില്ല. കരാറുകാരനായ സ്കറിയ മുൻ വർഷങ്ങളിലും പഞ്ചായത്തിന്റെ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ടെന്നും ടിയാൾ ലൈസൻസ്, ഇൻഷ്വറൻസ് എന്നിവ സ്വായത്തമാക്കിയ കരാറുകാരനാണെന്ന് ബോദ്ധ്യമുണ്ടെന്നുമാണ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദീകരിച്ചത്. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും (2018-19 റിപ്പോർട്ട്-ഖണ്ഡിക-1-23) ഇതേ പരാമർശം ഉണ്ടായിരുന്നിട്ടും നാളിതുവരെ കരാറുകാരനിൽ നിന്നും രേഖകൾ ആവശ്യപ്പെടാതെയും അവ ടെണ്ടറിനൊപ്പം വാങ്ങാതെയും വീണ്ടും ടിയാന്റെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചത് അംഗീകരിക്കാവുന്നതല്ല.

4)ബില്ലില് നിന്നും 1% ആദായനികുതി ഈടാക്കിയിട്ടില്ല. ആയതും ഈടാക്കേണ്ടതാണ്.

കരാറുകാരന്റെ സൂപ്പർവൈസറി ലൈസൻസ്, ബി ക്ലാസ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് രേഖകൾ എന്നിവയും സൂചിത രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കി മേൽ അപാകതകൾ പരിഹരിക്കേണ്ടതും നികുതിയിനങ്ങളിൽ കുറവ് വന്ന തുകകളും (യഥാക്രമം 9802/-,4901/-) കരാറുകാരനിൽ നിന്നീടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ് .

## 1-26 സാന്ത്വന പരിപാലനം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം- പേര് | 43/21<br>സാന്ത്വന പരിപാലനം |
| അടങ്കൽ | 600000<br>വികസനഫണ്ട്<br>125000<br>(ബ്ലോക്ക് വിഹിതം ) |
| ചെലവ് | 324622/-<br>വികസനഫണ്ട്<br>106952/-<br>ബ്ലോക്ക് വിഹിതം |
| | വികസനഫണ്ട്<br>1)35984/-: 1/20-21, 04.06.20<br>2)35984/-: 2/20-21, 04.06.20<br>3)25690/-: 3/20-21, 04.06.20<br>4)8000/-: 4/20-21, 04.06.20<br>5)24641/-: 5/20-21, 24.06.20<br>6)2191/-: 10/20-21, 09.07.20)<br>7)960/-: 11/20-21, 09.07.20<br>8)30788/-:12/20-21, 09.07.20<br>9)32087/-:13/20-21, 19.08.20<br>10)4900/-:16/20-21, 25.08.20<br>11)32087/-:17/20-21,09.09.20<br>12)35100/-: 18/20-21, 18.01.21<br>13)12000/-: 19/20-21, 18.01.21 |

| | |
|---|---|
| | 14)22230/-: 20/20-21,08.03.21<br>15)21980/-: 22/20-21, 18.03.21<br>ബ്ലോക്ക് വിഹിതം<br>16)32087/-:STSB-0832401/27.11.20<br>17)30788/-:LGTSB-215158/24.11.20<br>18)10000/-:STSB-0832402/15.12.20<br>19)25377/-:STSB-0832403/19.01.21<br>20) 8700/-TSB-0832405/01.03.21 |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെപ്പറയുന്നു.

1)2020 ഡിസംബർമാസത്തെ ഭവനസന്ദർശനത്തിനായി ബിൽ നം-18/20-21 18.01.21 പ്രകാരം 35100/-രൂപ വികസനഫണ്ടിൽ നിന്നും ചെലവായിട്ടുണ്ട്. ട്രഷറി ബിൽ അനുസരിച്ച് ചെലവ് (സംക്ഷിപ്തം) ഇപ്രകാരമാണ്.

പാലിയേറ്റീവ് നഴ്സ് - 31100/-

ഭക്ഷണം – 4000/- (@250*16 Days)

ആകെ - 35100/-

നഴ്സായ ഷിജി എൽദോസിന് അർഹമായ തുക 22230/- രൂപ (18030-ഹോണറേറിയം+ 200-ഫോൺചാർജ് + 4000 – ഭക്ഷണം) മാത്രമായതിനാൽ 31100/- രൂപ ടിയാരിയുടെ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം- 20/17.9.21 ) മറുപടിയായി അധികമായി നൽകിയ 12870/- രൂപ പാലിയേറ്റീവ് ഡ്രൈവറായ സിദ്ദിഖ്. പി.എം ന്റെ സാലറി ആണെന്നും ടിയാളുടെ അക്കൌണ്ട് നമ്പറിലേയ്ക്ക് ട്രാൻസാക്ഷൻ നടത്താനുണ്ടായ കാലതാമസം കൊണ്ടാണ് പ്രസ്തുത തുക ഷിജി എൽദോസ് വഴി നൽകിയതെന്നും അറിയിച്ചു. 10000/- രൂപയിൽ അധികരിക്കുന്ന തുക ബെനിഫീഷ്യറിയുടെ ബാങ്ക് അക്കൌണ്ടിലേക്കാണ് കൈമാറി നൽകേണ്ടതെന്നിരിക്കെ {ജി.ഒ (പി) 46/2016/FIN. 4.6.16 ഖണ്ഡിക 4} മേൽപ്പറഞ്ഞപ്രകാരം മറ്റൊരാളുടെ അക്കൌണ്ടിലേക്ക് നൽകിയ നടപടി ടി ഉത്തരവിന് വിരുദ്ധമാണെന്നറിയിക്കുന്നു. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും യഥാർത്ഥ ബെനിഫീഷ്യറിയുടെ അക്കൌണ്ട് മുഖേന മാത്രം മേലിൽ പണമിടപാടുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2) 12870/- രൂപ ഷിജി എൽദോസിൽ നിന്നും കൈപ്പറ്റി എന്ന ഡ്രൈവറുടെ കൈപ്പറ്റ് രസീത് മാത്രമാണ് എൻക്വയറിക്കുള്ള മറുപടിക്കൊപ്പം സമർപ്പിച്ചിട്ടുള്ളത്. ഡിസംബർ മാസം ഭവനസന്ദർശനത്തിനായി 16 ദിവസം വാഹനമോടിയിട്ടുണ്ട് എന്ന് തെളിയിക്കുന്ന വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയില്ല. മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ട്രിപ്പ് ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 തെങ്ങ് കീടരോഗനിയന്ത്രണം-നിബന്ധനകൾ പാലിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് | S48/21 |
| പ്രോജക്ടിന്റെ പേര് | തെങ്ങ് കൃഷിയിൽ<br>കീടരോഗനിയന്ത്രണം പദ്ധതി |
| അടങ്കൽ | 15,00,000/-(750,000/-വികസന ഫണ്ട്-സാധാരണം,<br>750,000/- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 296800/- |
| ബിൽ നമ്പർ | 17/20-21 തീയതി 27.03.2021 |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ തെങ്ങുകളുടെ മണ്ട വൃത്തിയാക്കി ജൈവ കീടനാശിനി പ്രയോഗിച്ചുള്ള സസ്യസംരക്ഷണ നടപടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. വാർഡുകളിൽ നിന്നുള്ള കൺവീനർമാരുടെ അപേക്ഷയും റിപ്പോർട്ടും അംഗീകരിച്ച് ഏഴ് വാർഡുകളിലായി 5936 എണ്ണം തെങ്ങുകളുടെ മണ്ട വൃത്തിയാക്കി മരുന്ന് ചെയ്തതിന് 50/-രൂപ നിരക്കിൽ (തദ്ദേശസ്ഥാപന വിഹിതം) ആകെ 296800/- രൂപ മൂവാറ്റുപുഴ സൊസൈറ്റി ഓഫ് ഹൈടെക്ക് അഗ്രോ സർവീസ് സെന്ററിന് കൈമാറിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി ഒ (എം എസ്) 22/2018 തസ്വഭവ 14.02.2018 ഖണ്ഡിക നം. 6.1, ക്രമ നം.15 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിലെ കീടരോഗബാധയും നിവാരണപ്രവർത്തനങ്ങളും സംബന്ധിച്ച് കൃഷി ഓഫീസർ തയ്യാറാക്കുന്ന റിപ്പോർട്ട് മേലുദ്യോഗസ്ഥൻ അംഗീകരിക്കേണ്ടതുണ്ട്. ഇപ്രകാരം കൃഷി ഓഫീസർ തയ്യാറാക്കി മേലുദ്യോഗസ്ഥൻ അംഗീകരിച്ച റിപ്പോർട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17.09.2021 ലെ 24 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 2018-19

മുതൽ നടപ്പാക്കി വരുന്ന കേരഗ്രാമം പദ്ധതിയിൽ 2020-21 ൽ രോഗകീട നിയന്ത്രണത്തിന് തുക വകയിരുത്താത്തത് മൂലം ഗ്രാമസഭകളുടെയും പഞ്ചായത്ത് ഭരണസമിതിയുടെ വർക്കിംഗ് ഗ്രൂപ്പിലും ചർച്ച ചെയ്താണ് പദ്ധതി വിഭാവനം ചെയ്തതെന്നും പദ്ധതി ഫലപ്രദമായി നടപ്പായിട്ടുണ്ടെന്നുമാണ് കൃഷി ഓഫീസർ മറുപടി നൽകിയത്. മറുപടിയിൽ വിശദീകരിച്ചിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുന്നുവെങ്കിലും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതും സർക്കാർ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിച്ച് മാത്രം പദ്ധതി നടപ്പാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-28 ഹോമിയോ-മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ് 16/21, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 2,50,000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | 2,50,000/- |
| ബിൽ നമ്പർ | 2/20-21 തീയതി 29.01.2021/- |

2020-21 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് ആകെ 2,50,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 29.01.2021 ന് കൈമാറിയെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആരോഗ്യമേഖല നിരവധി പ്രതിസന്ധികൾ നേരിടുന്ന ഈ സമയത്ത് മരുന്നുകൾ സമയബന്ധിതമായി വിതരണം ചെയ്യുവാൻ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കിയ രേഖകൾ ഹാജരാക്കുന്നത് വരെ 2,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 കോവിഡ്-19 -പ്രതിരോധ പ്രവർത്തനങ്ങളുടെ വിവരം സംബന്ധിച്ച്

1) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി 2020-21 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്നും സി എഫ് എൽ ടി സിയിലേക്ക് മരുന്ന വാങ്ങുന്നതിനായി 65743/-രൂപയും,ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി 53100/-രൂപയും,മെഡിക്കൽ സാമഗ്രികൾ വാങ്ങുന്നതിനായി 151721/-രൂപയും,തനതു ഫണ്ടിൽ നിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 23800/-രൂപയും ചെലവഴിച്ചിട്ടുണ്ട്.
2) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വാളന്റിയർമാരെ നിയമിക്കുകയും,അവർക്ക് ആവശ്യമായ പരിശീലനം നൽകിയതു വഴി അവരുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്.

3) ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. കോവിഡ് രോഗ ബാധിതർക്കാവശ്യമായ ഭക്ഷണം വീടുകളിൽ എത്തിച്ചു നൽകിയിട്ടുണ്ട്.

4) പ്രത്യേക പരിഗണന നൽകേണ്ടവരുടെ(ഗുരുതര രോഗികൾ,പ്രായാധിക്യമുള്ളവർ) സുരക്ഷയ്ക്ക് ഹെൽപ്പ് ഡസ്ക് രൂപീകരിക്കുകയും ആയതിന്റെ ചെലവ് തനത്/വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും ചെയ്തിട്ടുമുണ്ട്.

5) പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

6) നിലവിൽ ഗ്രാമപഞ്ചായത്തിൽ സി.എഫ്.എൽ.ടി.സി പ്രവർത്തിക്കുന്നില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഡോമിസലറി കെയർ സെന്റർ പ്രവർത്തിക്കുന്നുണ്ട്.

7) പൾസ് ഓക്സിമീറ്റർ വാങ്ങിയിട്ടില്ല.

8) ഗ്രാമപഞ്ചായത്തിലെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും,വ്യക്തികളിൽ നിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംഭാവന ലഭിച്ചിട്ടില്ല.

9) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഓൺലൈൻ ആയി മീറ്റിംഗ് നടത്തുന്നില്ല. ഈ കമ്മിറ്റി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് എൻക്വയറി നം.01/09.09.2021) വിശദീകരിച്ചു.

## 1-30 ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരൻ എടുത്ത മണ്ണിന്റെ വില കുറവു ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് | കാവുപാട്ട് ആച്ചേരിക്കടി ബൈപ്പാസ് നടപ്പാത |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |

| | |
|---|---|
| കരാറുകാരൻ | ശ്രീ നിഷാദ് സി എസ് |
| അളവുപുസ്തകം | 66/19-20 |
| ചെലവു വിവരം | ബിൽ നമ്പർ,തീയതി,തുക 08/20-21,18.08.20,180834/-രൂപ |

ഗ്രാമപഞ്ചായത്തിലെ കാവുപാട്ട് ആച്ചേരിക്കടി ബൈപ്പാസ് നടപ്പാത നിർമ്മാണം എന്ന പ്രവൃത്തിയിൽ എർത്ത് എക്സ്കവേഷൻ (Earth Cutting In Soil) 15.20 $M^3$ ചെയ്തപ്പോൾ ഉപയോഗയോഗ്യമായ 13.031$m^3$ മണ്ണ് ലഭിച്ചതായി അളവു പുസ്തകം പേജ് നമ്പർ 7 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരാറുകാരൻ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം രേഖപ്പെടുത്തുകയോ, ഫൈനൽ ബിൽ നൽകിയപ്പോൾ മണ്ണിന്റെ വില കുറവു ചെയ്തിട്ടുമില്ല.
മണ്ണിന്റെ വിനിയോഗ വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-31. പപ്പാള ചെക്ക് ഡാം നിർമ്മാണം-ജി.എസ്.ടി കോമ്പൻസേഷനായി അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് | എസ്.ഒ. 254/21 പപ്പാള ചെക്ക് ഡാം നിർമ്മാണം |
| അടങ്കൽ | 770000/- രൂപ (690000/- തനതു ഫണ്ട് + 80000/- വികസന ഫണ്ട് പൊതു വിഭാഗം-സാധാരണ വിഹിതം ) |
| എസ്റ്റിമേറ്റ് | 770000/- രൂപ (EST NO:2017/49081) |
| സാങ്കേതികാനുമതി | 770000/- രൂപ No.50923 /- 2017-18 Dated 04.08.2017, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ്ബ് ഡിവിഷൻ, മൂവാറ്റുപുഴ |
| എം. ബുക്ക് നം. | 582/19-20 |
| ആകെ അളവ് മൂല്യം | 665448/- |
| കരാറുകാരൻ | ശ്രീ ഹില്ലർ |
| പി.എ.സി | 770000/-രൂപ |
| എഗ്രിമെന്റ് നമ്പർ | 166/AE/LSGD/PPRA/2017-18 തീയതി 31.03.2018 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് വിവരം | 1)ചെക്ക് നം. / തുക 531892/22.04.2020 -665302<br>2)ബിൽ നം. /തുക 18/20-21/ 18.08.2020-80000 |

സർക്കുലർ നം. 18/2019/ഫിൻ/ തീയതി 01.03.2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.03.2019 മുതൽ എറണാകുളം ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇൻഡക്സ് ആയ 39.89% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു മാത്രമേ ജി.എസ്.ടി. കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും സാധിക്കുകയുള്ളൂ. എന്നാൽ കോസ്റ്റ് ഇൻഡക്സ് 49.02% അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് (ജി.എസ്.ടി ഇല്ലാതെ) തയ്യാറാക്കിയ പപ്പാള ചെക്ക് ഡാം നിർമ്മാണം എന്ന പ്രവൃത്തിയുടെ അന്തിമ ബില്ല് പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി. കോമ്പൻസേഷനായി 79854/-രൂപ അനുവദിച്ചിട്ടുണ്ട്. കരാറുകാരന് അധികമായി അനുവദിച്ച 79854/- രൂപ തിരികെ ഈടാക്കേണ്ടതാണ്. പ്രവൃത്തിയുടെ വിശദാംശം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-32. കുഴിച്ചെടുത്ത മണ്ണിന്റെ വില കുറച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | എഫ് എച്ച് സിയിൽ ഡ്രെയിൻ നിർമ്മാണം,286/21 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| കരാറുകാരൻ | ശ്രീ ഷാജി കെ കെ |
| അളവ് പുസ്തകം | 642/19-20 |
| ചെലവ് വിവരം(തുക,ബിൽ നം./തീയതി) | 427892/-(04/20-21,28.05.2020) |

പായിപ്ര ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിന് സമീപം ഡ്രെയിൻ നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അതനുസരിച്ച് പ്രവൃത്തി നടപ്പാക്കിയതിൽ ഇനം ഒന്നായി ചെയ്തിട്ടുള്ള മണ്ണ് കുഴിച്ചെടുത്തപ്പോൾ ലഭിച്ച 50.652 $M^3$ മണ്ണ് ഡ്രെയിനിന്റെ പാർശ്വ ഭാഗങ്ങളിലെ കുഴികൾ നികത്തുന്നതിനായി വിനിയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇനം അഞ്ച് പ്രകാരം ഡ്രെയിനിന്റെ പാർശ്വ ഭാഗങ്ങളിലെ കുഴികൾ നികത്തുന്നതിനായി കരാറുകാരന്റെ മണ്ണ് (204.789 $M^3$) ഉപയോഗിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും ആയത് പ്രകാരം കരാറുകാരന് തുക അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്.

കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ച് ഡ്രെയിനിന്റെ പാർശ്വ ഭാഗങ്ങൾ നികത്തുന്നതിന് പകരം വീണ്ടും കരാറുകാരന്റെ മണ്ണ് ഉപയോഗിച്ചാണ് ഡ്രെയിനിന്റെ പാർശ്വ ഭാഗങ്ങൾ നികത്തിയെന്നത് ശരിയായ നടപടിയല്ല. കുഴിച്ചെടുത്ത മണ്ണ് അവിടെ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-33 ഐ.കെ.എം വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2020-21 വാർഷിക പദ്ധതിയിൽ പെടുത്തി പ്രവർത്തന ഫണ്ടിനത്തിൽ ഐ.കെ.എം ന് താഴെപ്പറയും വിധം തുക കൈമാറി നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല (എൻക്വയറി നം- 10 തീ. 11.9.21)

പ്രോജക്ട് നം-18/21 (ഐ.കെ.എം ഷെയർ)

നിർവഹണം- സെക്രട്ടറി

അടങ്കൽ-146198 (വികസന ഫണ്ട്)

ചെലവ്- 146198 (ബിൽ.നം/തീ:22/20-21, 27.02.21)

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് വിധേയമായി 146198/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 തൊഴിലുറപ്പ് പദ്ധതി അവലോകനം

2020-21 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 5979 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 9068 |
| ആക്ടീവായ ഗുണഭോക്താക്കൾ | 2224 |
| 2020-21 ൽ നല്കിയ തൊഴിൽ ദിനങ്ങൾ | 114084 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 663 |
| 2020-21 വർഷത്തെ ആകെ ചെലവ് തുക | 44838314 |

ആക്ഷൻ പ്ലാൻ അനുസരിച്ച് ആകെ രൂപീകരിച്ച വർക്കുകൾ —804

പൂർത്തിയാക്കിയ വർക്കുകൾ-- 536

നടത്തിയ പ്രധാനപദ്ധതികളുടെ മേഖല തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു

| തയ്യാറാക്കിയ പ്രവൃത്തികൾ | സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ |
|---|---|---|
| അങ്കണവാടി | 1 | 1 |
| വൃക്ഷത്തൈ നട്ട് പരിപാലനം | 7 | 3 |
| ഭൂവികസനം | 2 | 1 |
| ജലസേചന കനാലുകൾ | 21 | 18 |
| പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 66 | 59 |
| റൂറൽ കണക്റ്റിവിറ്റി | 47 | 24 |
| ജലസംരക്ഷണം | 290 | 186 |
| വ്യക്തിഗത ഗുണ ഭോക്താക്കൾക്കായുള്ള പ്രവൃത്തികൾ | 370 | 244 |
| ആകെ | 804 | 536 |

തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

മെറ്റീരിയലുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വിവിധ പ്രവൃത്തികൾക്കായി മെറ്റീരിയലുകൾ സപ്ലൈ ചെയ്തിട്ടുണ്ടെങ്കിലും ഇവ സ്റ്റോക്കിലെടുക്കുയോ വിതരണ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കരാറുകാരൻ നൽകുന്ന ബിൽ പ്രകാരം തുക അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്.

സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് എടുത്തിട്ടില്ല

സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് തിട്ടപ്പെടുത്താതെ, ഒരു വർക്കിന് ആവശ്യമായ സാധനങ്ങളുടെ അളവ് പ്രകാരമുള്ള തുക കരാറുകാരന് നൽകുകയാണ് ചെയ്യുന്നത്. വാങ്ങിയ സാധനങ്ങൾ അളവെടുത്ത് സ്റ്റോക്കിലെടുക്കേണ്ടതും, തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) നം 93/2012/തസ്വഭവ തീയതി 31.03.2012 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് വിനിയോഗിക്കേണ്ടതുമാണ്.

## 1-34-1 തൊഴിലുറപ്പ് മെറ്റീരിയൽ സപ്ലൈ-നികുതികൾ ഈടാക്കിയില്ല

2020-21 വർഷം ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ളൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ 2.5 ലക്ഷം രൂപക്ക് മുകളിലുള്ള ബില്ലുകളിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട, GST താഴെപ്പറയുന്ന പ്രവൃത്തിയുടെ ബില്ലിൽ നിന്ന് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി /എം ബുക്ക് നം. | കരാറുകാരന്റെ പേര് / മെറ്റീരിയലിന്റെ ആകെ വില | ഈടാക്കേണ്ട GST (2%) | തുക അനുവദിച്ച തീയതി |
|---|---|---|---|
| കണിയാം കോട്ടിൽ കോളനി റോഡ് കോൺക്രീറ്റിംഗ്/328/ 20-21 | കരീം എൻ എ/ 360520/- | 7210/- | 20.01.2021 |

മേൽപ്പറഞ്ഞ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 22.09.2021 ലെ 30-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. നികുതി കുറവാക്കാത്തത് മൂലം അധികം നൽകിയ തുക 7210/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-35 ലൈഫ്ഭവനനിർമ്മാണം (ജനറൽ) പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2020-21 വർഷം വി.ഇ.ഒ പായിപ്ര നിർവ്വഹണം നടത്തിയ ലൈഫ് ഭവനം (ജനറൽ) പദ്ധതിയിലായി അടങ്കൽ - 48000000, ചെലവ് - 17494360 (19 ബില്ലുകളിലായാണ് തുക മാറിയിട്ടുള്ളത്). ആകെ 72 ഗുണഭോക്താക്കൾ ഭവനനിർമാണത്തിനായി കരാർ വച്ചിരുന്നു. പദ്ധതിയുടെ പൂർത്തീകരണ പുരോഗതി താഴെക്കൊടുക്കുന്നു.

| പൂർത്തീകരണസ്റ്റേജ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ബേസ് മെന്റ് | 19 |
| ലിന്റൽ | 8 |
| റൂഫ് | 31 |
| മുഴുവൻ പൂർത്തീകരിച്ചത് | 14 |

ആകെയുള്ള 72 ഗുണഭോക്താക്കളിൽ നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 58 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 ലൈഫ് ഭവനം (എസ്.സി) -നിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2020-21 വർഷം വി.ഇ.ഒ, മുടവൂർ നിർവ്വഹണം നടത്തിയ ലൈഫ് ഭവനം എസ്.സി പദ്ധതികയിലായി അടങ്കൽ – 26000000, ചെലവ് –7610000 ( 10 ബില്ലുകളിലായി തുക മാറിയിരിക്കുന്നു) ആകെ 22 ഗുണഭോക്താക്കൾ ഭവനനിർമാണത്തിനായി കരാർ വച്ചിരുന്നു. പദ്ധതിയുടെ പൂർത്തീകരണ പുരോഗതി താഴെക്കൊടുക്കുന്നു..

| പൂർത്തികരണ സ്റ്റേജ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ബേസ്ബമെന്റ് | 7 |
| ലിന്റൽ | 5 |
| റൂഫ് | 8 |
| മുഴുവൻ പൂർത്തീകരിച്ചത് | 2 |

ആകെയുള്ള 22 ഗുണഭോക്താക്കളിൽ നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 20 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

### 2-1 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്ത് 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ, 2020-21 രണ്ടാം അർദ്ധവർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ച 5/265A എന്ന വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടത്തിന് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 30 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. നികുതി നിർണ്ണയത്തിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വിസ്തൃതി | 110.32 |
| ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിൽ നികുതിനിർണ്ണയം നടത്തേണ്ടിയിരുന്നത് (20% ഇളവുകളും, 20% വർദ്ധനവുകളും, 5% ലൈബ്രറി സെസ്സും ഉൾപ്പെടെ) | 6952 |
| ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കിൽ നികുതിനിർണ്ണയം നടത്തിയത് (20% ഇളവുകളും, 20% വർദ്ധനവുകളും, 5% ലൈബ്രറി സെസ്സും ഉൾപ്പെടെ) | 3476 |
| നികുതി നിർണ്ണയത്തിലെ കുറവ് | 3476 |

നികുതിനിർണ്ണയം നടത്തിയ രണ്ടാം അർദ്ധവർഷത്തിൽ 1738/-(രസീത് നമ്പർ 120010104795/20.11.2020) രൂപ മാത്രമാണ് ഈടാക്കിയത്. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം 2020-21 സാമ്പത്തിക വർഷത്തിൽ 1738/-(3476-1738) രൂപ കുറവാണ് ഈടാക്കിയത്. കുറഞ്ഞ നിരക്കിൽ വസ്തുനികുതിനിർണ്ണയം നടത്തിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 27/19.09.2021) മറുപടി ലഭിച്ചില്ല. ആയതിനാൽ, കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തിയ മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ വസ്തുനികുതി സഞ്ചയയിൽ പുനർനിർണ്ണയം നടത്തി കുറവ് വന്ന തുക ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

### 3-1 പപ്പാള ചെക്ക് ഡാം നിർമ്മാണം-ജി.എസ്.ടി കോമ്പൻസേഷനായി അധിക തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് | എസ്.ഒ. 254/21 പപ്പാള ചെക്ക് ഡാം നിർമ്മാണം |
| അടങ്കൽ | 770000/- രൂപ (690000/- തനതു ഫണ്ട് + 80000/- വികസന ഫണ്ട് |

| | |
|---|---|
| | പൊതു വിഭാഗം-സാധാരണ വിഹിതം ) |
| എസ്റ്റിമേറ്റ് | 770000/- രൂപ (EST NO:2017/49081) |
| സാങ്കേതികാനുമതി | 770000/- രൂപ No.50923 /- 2017-18 Dated 04.08.2017, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ്ബ് ഡിവിഷൻ, മൂവാറ്റുപുഴ |
| എം. ബുക്ക് നം. | 582/19-20 |
| ആകെ അളവ് മൂല്യം | 665448/- |
| കരാറുകാരൻ | ശ്രീ ഹിലാർ |
| പി.എ.സി | 770000/-രൂപ |
| എഗ്രിമെന്റ് നമ്പർ | 166/AE/LSGD/PPRA/2017-18 തീയതി 31.03.2018 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് വിവരം | 1)ചെക്ക് നം. / തുക 531892/22.04.2020 -665302 2)ബിൽ നം. /തുക 18/20-21 /18.08.2020-80000 |

സർക്കുലർ നം. 18/2019/ഫിൻ/ തീയതി 01.03.2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.03.2019 മുതൽ എറണാകുളം ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇൻഡക്സ് ആയ 39.89% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു മാത്രമേ ജി.എസ്.ടി. കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും സാധിക്കുകയുള്ളൂ. എന്നാൽ കോസ്റ്റ് ഇൻഡക്സ് 49.02% അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ പപ്പാള ചെക്ക് ഡാം നിർമ്മാണം എന്ന പ്രവൃത്തിയുടെ അന്തിമ ബില്ല് പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി. കോമ്പൻസേഷനായി 79854/-രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പപ്പാള ചെക്ക് ഡാം നിർമ്മാണ പ്രവൃത്തിക്കായി DSR 2016 (Cost Index 49.02%) പ്രകാരം 770000/-രൂപ എസ്റ്റിമേറ്റുള്ള പദ്ധതി തയ്യാറാക്കി 2020-2021 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 49.02% കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കിയാണ്. ഈ എസ്റ്റിമേറ്റിൽ ജി.എസ്.ടി. കോമ്പൻസേഷന് തുക വകയിരുത്തിയിട്ടില്ല. അന്തിമ ബിൽ പ്രകാരം തുക അനുവദിച്ചപ്പോൾ 12% ജി.എസ്.ടി. കോമ്പൻസേഷൻ ചുവടെ വിവരിക്കും പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്.

| | |
|---|---:|
| ആകെ പ്രവൃത്തിമൂല്യം | 665448 |
| (+) 12% GST | 79854 |
| ആകെ | 745302 |
| (-) ആദായ നികുതി @ 1% | 7453 |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | 7453 |
| (-) CGST @ 1% | 7453 |
| (-) SGST @ 1% | 7453 |
| കരാറുകാരന് നൽകിയ തുക | 715490 |

അന്തിമ ബില്ലിൽ ജി.എസ്.ടി. കോമ്പൻസേഷൻ തുക കൂട്ടി നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 79854/-രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ഈ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.15/13.09.2021) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ കോസ്റ്റ് ഇൻഡക്സ് കൂടുതലുള്ള പ്രവൃത്തികൾക്ക് 12% ജി.എസ്.ടി കോമ്പൻസേഷൻ നൽകിയത് സർക്കുലർ നം. 18/2019/ഫിൻ 01.03.2019 തീയതിയിലെ ഉത്തരവ് പ്രകാരമാണെന്നും, ഈ ഉത്തരവിനെ തെറ്റായി മനസ്സിലാക്കിയത് കാരണമാണെന്നും അറിയിക്കുകയുണ്ടായി. ആയതിനാൽ കരാറുകാരന് അധികമായി നൽകിയ 79854/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കാത്തപക്ഷം അസി.എഞ്ചിനിയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ പോസ്റ്റ് മാറ്റൽ | ചെക്ക് നം. 42000220 - 42000228 / 15.03.2021 | 796875 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ത്രീഫേസ് കണക്ഷൻ | ട്രഷറി റഫറൻസ് നം. 8400311466/ 02.07.2020 | 93188 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | ഇല്ലത്തുകുടിപ്പടിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | ചെക്ക് നം.2151595/ 22.12.2020 | 1690000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | കക്കാട്ടുമൂള റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 22000520/ 07.08.2020 | 256721 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | തട്ടുപറമ്പ് എസ് സി ശ്മശാനത്തിലേക്ക് വൈദ്യുതി കണക്ഷൻ | 22001336/ 03.12.2020 | 17400 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000169, 22000340, 22001596/ 18.02.2021 | 47878 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | ആകെ | | 2902062 | | |
| | | | | | |
| കേരളവാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 420000213, 214,215, 216, 219/ 20.02.2021 | 800000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | |
| | ആകെ | | 800000 | | |

കെ.എസ്.ഇ.ബിക്ക് നൽകിയ തുകയിൽ 1783188/- രൂപ വാർഷികധനകാര്യ പത്രികയിലെ ഈയിനത്തിലെ ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2020-21 | 300000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം (പട്ടികജാതി) | 300000 | 0 |
| 2 | ” | 2020-21 | 654025 | ഭിന്നശേഷിയുള്ളവർക്ക് വിദ്യാർത്ഥികൾക്ക് പ്രത്യേക | 654025 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | പഠനസഹായം | | |
| 3 | ” | 2020-21 | 173900 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്സിഡി | 173900 | 0 |
| 4 | ” | 2020-21 | 57800 | നെൽകൃഷി വികസനം | 57800 | 0 |
| 5 | ” | 2020-21 | 27116 | കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാപ്രവർത്തനങ്ങൾ | 27116 | 0 |
| | | ആകെ | 1212841 | - | 1212841 | 0 |
| 6 | ബ്ലോക്ക്പഞ്ചായത്ത് (മൂവാറ്റുപുഴ) | 2019-20 | 400000 | മൂങ്ങാച്ചാൽ ചൊള്ളാമുക്ക് റോഡ് പുനരുദ്ധാരണം | 400000 | 0 |
| 7 | ” | 2019-20 | 380000 | ബഡ്സ് സ്കൂളിന്റെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ | 380000 | 0 |
| 8 | ” | 2020-21 | 50000 | പച്ചക്കറി കൃഷി വികസനം | 50000 | 0 |
| 9 | ” | 2020-21 | 21760 | നെൽ കൃഷി വികസനം | 21760 | 0 |
| 10 | ” | 2020-21 | 132494 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്സിഡി | 132494 | 0 |
| 11 | ” | 2020-21 | 500000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം (പട്ടിക ജാതി) | 500000 | 0 |
| 12 | ” | 2020-21 | 652250 | ഭിന്നശേഷിയുള്ളവർക്ക് വിദ്യാർത്ഥികൾക്ക് പ്രത്യേക പഠനസഹായം | 652250 | 0 |
| 13 | ” | 2020-21 | 2100000 | ലൈഫ് ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം | 2100000 | 0 |
| ആകെ | | | 4236504 | - | 4236504 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ-ഹഡ്കോ ലോൺ (KURDFC) | GO.(MS) No.100/2018 /LSGD, Dt.30.7.18 | 11220000 | 23935127 | 2912666 | - | 32242461 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 4000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ ലഭിച്ചത് | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 4000000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 0 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 1-5<br>1-6<br>1-10 | 2011-12 | 3.1.23 | ആസ്തി രജിസ്റ്റർ പൂർണ്ണമായി സൂക്ഷിച്ചിട്ടില്ല, കണക്കിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല, റോഡുകളിൽ കിലോമീറ്റർ ഹെക്ടോ മീറ്റർ /കല്ലുകൾ സ്ഥാപിച്ചിട്ടില്ല | 90 റോഡുകളിൽ നെയിം ബോർഡുകളും കിലോമീറ്റർ /ഹെക്ടോ മീറ്റർ കല്ലുകളും സ്ഥാപിച്ചു. |
| 2013-14 | 2-(a) | 2013-14 | 2-(a) | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | ജില്ലാതല മോണിട്ടറിംഗ് സമിതിയ്ക്ക് മുൻപാകെ സമർപ്പിച്ചിരിക്കുന്നു. |
| 2014-15 | 3-6 | 2014-15 | 3-6 | പകർച്ചവ്യാധി നിയന്ത്രണ പരിപാടി IEC Calender വിതരണം. | ജില്ലാതല മോണിട്ടറിംഗ് സമിതിയ്ക്ക് മുൻപാകെ സമർപ്പിച്ചിരിക്കുന്നു. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 149356018 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 147219282 |
| വരവിനങ്ങളിലുള്ള നഷ്ടം | 1738 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 79854 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3939794 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 1738 | -- | അനിൽകുമാർ എൻ, സെക്രട്ടറി |
| 3-1 | -- | 79854 | സന്ധ്യ കൃഷ്ണൻ സി, അസി.എഞ്ചിനിയർ |
| ആകെ | 1738 | 79854 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 2743596 | അനിൽകുമാർ എൻ,സെക്രട്ടറി |

| | | |
|---|---|---|
| 1-22 | 800000 | അനിൽകുമാർ എൻ,സെക്രട്ടറി |
| 1-28 | 250000 | ഡോ. കൃഷ്ണകുമാർ സി.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-33 | 146198 | അനിൽകുമാർ എൻ,സെക്രട്ടറി |
| തടസ്സപ്പെടുത്തിയ ആകെ തുക | 3939794 | |

(സി) കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 (IT) | 4901 | അനിൽകുമാർ എൻ,സെക്രട്ടറി |
| 1-25(GST) | 9802 | അനിൽകുമാർ എൻ,സെക്രട്ടറി |
| 1-34-1(GST) | 7210 | അനിത കെ കെ,അസി.സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിൽകുമാർ എൻ,സെക്രട്ടറി | സെക്രട്ടറി, പായിപ്ര ഗ്രാമപഞ്ചായത്ത് | ചാമക്കാലയിൽ, വടയമ്പാടി, പുത്തൻകുരിശ്,682308 |
| അനിത കെ കെ,അസി.സെക്രട്ടറി | അസി.സെക്രട്ടറി, പായിപ്ര ഗ്രാമപഞ്ചായത്ത് | തച്ചന്ത്ര വീട്, വളയൻചിറങ്ങര പി.ഒ, പെരുമ്പാവൂർ- 683556 |
| സന്ധ്യ കൃഷ്ണൻ സി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ,പായിപ്ര ഗ്രാമപഞ്ചായത്ത് | കട്ടേക്കുടിയിൽ, നെല്ലാട് പി.ഒ മൂവാറ്റുപുഴ |
| ഡോ. കൃഷ്ണകുമാർ സി.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, പായിപ്ര ഗ്രാമപഞ്ചായത്ത് | മോളത്തുകുടി (ഹൗസ്) മേതല പി.ഒ, കുറുപ്പംപടി (വഴി) 683545 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1996-97 | എൽ.എഫ്.ഇ.പി (5) 770/97 തീയതി, 08.01.99 |
| 1998-99 | എൽ.എഫ്.ഇ.പി (5) 846/02 തീയതി, 07.01.2003 |
| 1990-00 2001-02 | എൽ.എഫ്.ഇ.പി (1) 704/03 തീയതി, 02.07.2004 |
| 2002-03 | എൽ.എഫ്.ഇ.പി (5) 1306/06 തീയതി, 29.4.2008 |
| 2003-04 | എൽ.എഫ്.ഇ.പി (5) 7/2009 തീയതി, 15.10.2009 |
| 2004-05 | എൽ.എഫ്.ഇ.പി (5) 8/09 തീയതി, 15.10.2009 |
| 2007-08 | എൽ.എഫ്.ഇ.പി (5) 31/12 തീയതി, 01.03.12 |
| 2009-10 | എൽ.എഫ്.ഇ.പി (5) 370/11 തീയതി, 27.02.12 |
| 2008-09 2010-11 2011-12 | എൽ.എഫ്.ഇ.പി (5) 2082/12 തീയതി, 08.01.13 |
| 2012-13 | എൽ.എഫ്.ഇ.പി (8) 2126/13 തീയതി, 25.11.13 / 04.12.13 |
| 2013-14 2014-15 | എൽ.എഫ്.ഇ.പി (8) 1122/15 തീയതി, 27.07.15 / 17.08.15 |
| 2015-16 | കെ എസ് എ -ഇ കെ എം (പി 8)1972/2016 തീയതി, 08.12.16/10.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം (പി.8)1267/17 തീയതി, 16.09.17/17.10.17 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം (പി.8)2059/18തീയതി, 22.03.2019 |

| | |
|---|---|
| 2018-19 | കെ. എസ്.എ.ഇ.കെ.എം (പി.8)1575/2019,തീയതി 07.12.2019/05.02.2020 |
| 2019-20 | കെ. എസ്.എ.ഇ.കെ.എം (പി.8)1284/2021 തീ. 20.12.2021 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്